**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2643** **18.08.2017- ൽ മറുപടിക്ക്**

**കാഞ്ഞങ്ങാട്-പാണത്തൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്-പാണത്തൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്എന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രഖ്യാപനത്തിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; | (എ) യും (ബി) യും | കാഞ്ഞങ്ങാട് - പാണത്തൂർ റോഡ് (ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡ്) ദേശീയ പാതയായി കേന്ദ്രസർക്കാർ തത്വത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് കി.മി 15/000 മുതൽ 24/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ബഡ്ജറ്റ് പ്രവൃത്തിക്കായി കുദ്രോളി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (Agreed PAC ₹11,66,59,938/-). 9 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. ലെവൽസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഈ റോഡിലെ പൈനിക്കര പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | (സി) | പൈനിക്കര പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ